പി.എൽ. 2/38600/13/ഡിപിഐ

പൊതുവിദ്യാഭ്യാസഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം.
തിയ്യതി 19.11.13.

***സർക്കുലർ***

വിഷയം : പൊതു വിദ്യാഭ്യാസം - സംസ്കൃതവിദ്യാഭ്യാസ വികസനം-സ്കോളർഷിപ്പ് പരീക്ഷ
-തുക വിതരണവും -സംബന്ധിച്ച്.

സൂചന:

2013-14 അദ്ധ്യയന വർഷത്തിലെ സംസ്കൃത സ്കോളർഷിപ്പ് പരീക്ഷ 2014 ജനുവരി 29,30 (ബുധൻ, വ്യാഴം)ദിവസങ്ങളിൽ ഹൈസ്കൂൾ , യു.പി. ക്രമത്തിൽ നടത്തുന്നതാണ്. പരീക്ഷ രാവിലെ 11 മണിക്ക് തുടങ്ങുന്നതാണ്. ഹൈസ്കൂൾ വിഭാഗത്തിന് 1½ മണിക്കൂറും, യു.പി,വിഭാഗത്തിന് 1 മണിക്കൂറുമാണ് സമയം. ഹൈസ്കൂൾ ക്ലാസ്സിലെ കുട്ടികൾ വിദ്യാഭ്യാസ ജില്ലാടിസ്ഥാനത്തിലും, യു,പി ക്ലാസ്സിലെ കുട്ടികൾക്ക് ഉപജില്ലാടിസ്ഥാനത്തിലുമാണ് പരീക്ഷ നടത്തേണ്ടത്. ഹൈസ്കൂളിനോടനുബന്ധിച്ചുള്ള യു.പി. വിഭാഗം കുട്ടികൾ ബന്ധപ്പെട്ട ഉപജില്ലയിൽ പരീക്ഷ എഴുതേണ്ടതാണ്. ജില്ലാതല പരീക്ഷയുടെ ചുമതല ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും ഉപജില്ലയുടേത് ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കുമായിരിക്കും. പരീക്ഷ നടത്തിപ്പിന് ജില്ലാ സംസ്കൃത കൗൺസിലുകളുടെ സഹായ സഹകരണങ്ങൾ ആവശ്യപ്പെടാവുന്നതാണ്. സർക്കാർ എയ്ഡഡ് അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ സംസ്കൃതം പഠിക്കുന്ന കുട്ടികൾക്ക് പരീക്ഷ എഴുതാവുന്നതാണ്,. ഓരോ ഹൈസ്കൂൾ ക്ലാസിലും 20 കുട്ടികൾ വീതവും യു.പി. ക്ലാസ്സുകളിൽ 10 കുട്ടികൾ വീതവും നിർബന്ധമായും പ രീക്ഷ എഴുതേണ്ടതാണ്.

ഓരോ വിദ്യാഭ്യാസ ജില്ലയിലും ഹൈസ്കൂൾ വിഭാഗത്തിൽ ഓരോ ക്ലാസ്സിൽ നിന്നും (8,9,10) ഉയർന്ന മാർക്ക് ലഭിക്കുന്ന 20 കുട്ടികളുടേയും, ഉപജില്ലാ തലത്തിൽ യൂ.പി. വിഭാഗത്തിൽ ഓരോ ക്ലാസ്സിലേയും (5,6,7) ഉയർന്ന മാർക്ക് ലഭിക്കുന്ന 10 കുട്ടികളുടേയും മാർക്ക് ലിസ്റ്റ് തയ്യാറാക്കി രണ്ട് പ്രതിയും പങ്കെടുത്ത കുട്ടികളുടെ ലിസ്റ്റിന്റെ ഒരു പ്രതിയും അടുത്ത ദിവസം തന്നെ dpiplanning@gmail.com എന്ന mail ID യിൽ അയക്കേണ്ടതുമാണ്. പ്രസ്തുത ലിസ്റ്റ് അംഗീകരിച്ചു കിട്ടുന്ന മുറക്ക് സ്കോളർഷിപ്പ് വിതരണം ചെയ്യേണ്ടതുമാണ്.

ജില്ലാ/ഉപജില്ലാ തലങ്ങളിൽ യഥാക്രമം ഹൈസ്കൂൾ തലത്തിൽ 8,9,10 സ്റ്റാൻഡേർഡുകളിൽ 20 കുട്ടികൾക്ക് വീതം 500/- രൂപാ ക്രമത്തിലും, യു പി തലത്തിൽ 5,6,7 സ്റ്റാൻഡേർഡുകളിൽ 10 കുട്ടികൾക്ക് വീതം 300/- രൂപാ ക്രമത്തിലും സ്കോളർഷിപ്പ് ലഭിക്കും. ഹൈസ്കൂൾ വിഭാഗത്തിൽ 20ാം റാങ്കിനും യു.പി വിഭാഗത്തിൽ 10 ാം റാങ്കിനും ഒന്നിൽ കൂടുതൽ കുട്ടികൾ അർഹരാണെങ്കിൽ സ്കോളർഷിപ്പ് തുക വീതിച്ചു നല്കേണ്ടതാണ്.

ഓരോ സ്കൂളിൽ നിന്നും ഓരോ സ്റ്റാൻഡേർഡിലേയും 2 കുട്ടികളെ വീതമാണ് ജില്ലാ/ഉപജില്ലാ തലത്തിൽ പരീക്ഷയിൽ പങ്കെടുപ്പിക്കേണ്ടതും ഓരോ ജില്ലയിലും പരീക്ഷക്ക് പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ എണ്ണവും, ആവശ്യമുള്ള ചോദ്യപേപ്പറുകളും സർട്ടിഫിക്കറ്റുകളുടേയും എണ്ണവും ക്ലാസ്സ് തിരിച്ചു 2013 നവംബർ 30 ന് മുമ്പ് ഈ ഓഫീസിലേക്ക് സംസ്കൃതം സ്പെഷ്യൽ ഓഫീസറുടെ മേൽവിലാസത്തിൽ അയച്ച് തരേണ്ടതാണ്.

**പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

മേൽവിലാസം :
ഡോ. സുനീതിദേവി,
സ്പെഷ്യൽ ഓഫീസർ സംസ്കൃതം
പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം.

പകർപ്പ്
1. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും./ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും
2. ജില്ലാ സംസ്കൃതം കൗൺസിൽ സെക്രട്ടറിമാർക്കും.

<u>പുറത്തെഴുത്ത് കത്ത് നം: കെ6/14429/13 ഡിഡിഇ, പാലക്കാട് തീ: 30/11/13</u>

പകർപ്പ് എല്ലാ ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ അറിവിലേയ്ക്കും, അനന്തര നടപടിക്കായി നൽകുന്നു.

ഒപ്പ്/-
വിദ്യാഭ്യാസ ഉപഡയറക്ടർക്കുവേണ്ടി

വിവി/4.12.13.4